


ഫോട്ടോ : ജീമോൻ/കടപ്പാട് : ചന്ദ്രിക

# അതിരപ്പിള്ളി അണക്കെട്ടാൻ അനുവദിക്കില്ല

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരെ ജനങ്ങൾ സജീവമായി രംഗത്തിറങ്ങി. കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം പദ്ധതിയ്ക്ക് അനുമതി കൊടുത്തതിനാലാണ് ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സമരപരിപാടികൾ തുടങ്ങിയത്. സ്വാതന്ത്ര്യ ദിനത്തിന്റെ പിറ്റേന്ന് തൃശൂർ കോർപ്പറേഷന്റെ മുമ്പിൽ നിന്ന് ആരംഭിച്ച ബഹുജന മാർച്ച് കളക്ടറേറ്റിന് മുമ്പിൽ വൃക്ഷമിത്ര പ്രൊഫ.ശോഭീന്ദ്രൻ മാഷ് ധർണ്ണ ഉദ്ഘാടനം ചെയ്തു.

ചാലക്കുടിയിൽ കഴിഞ്ഞമാസം മാർക്സിസ്റ്റ് പാർട്ടി ഒഴിച്ചുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പങ്കാളിത്തത്തോടെ പുഴ സംരക്ഷണ പരിപാടി ഉണ്ടായിരുന്നു. ഇരുപത്തഞ്ചോളം സാമൂഹ്യ സംഘടനകളും രാഷ്ട്രീയ പാർട്ടികളും പദ്ധതിയ്ക്കെതിരെ രംഗത്തെത്തിയിട്ടുണ്ട്. ബി.ജെ.പി. ചാലക്കുടി മണ്ഡലത്തിൽ അതിരപ്പിള്ളി പദ്ധതിയ്ക്കെതിരെ ഹർത്താൽ ആചരിച്ചിരുന്നു.

ചാലക്കുടി പുഴയെ കൊല്ലുന്ന, ആദിവാസികളെ കുടിയൊഴിപ്പിക്കുന്ന, കുടിവെള്ളം മുട്ടിക്കുന്ന, അനേകം ജലസേചന പദ്ധതികളെ താറുമാറാക്കുന്ന വൈദ്യുതപദ്ധതി അംഗീകരിക്കാനാവില്ലെന്നാണ് ചാലക്കുടി പുഴയോരവാസികളും നാട്ടുകാരും ശക്തിയോടെ പറയുന്നത്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ മത്സ്യ വൈവിധ്യവും സമ്പന്നതയുമുള്ള ശുദ്ധജലമത്സ്യ പ്രജനന കേന്ദ്രങ്ങളിലൊന്നാണ് ചാലക്കുടിപ്പുഴ. ഇതിനകം ആറ് ഡാമുകൾ ചാലക്കുടിപ്പുഴയിലുണ്ട്. പുഴയോര കാടുകളുടേയും ജീവിവർഗ്ഗങ്ങളുടെയും ഇന്ത്യയിൽ തന്നെ ജൈവ-വൈവിധ്യ അപൂർവ്വതകളിൽ ചാലക്കുടിപ്പുഴ ശ്രദ്ധേയമാണ്. തുമ്പൂർമുഴി ഹെഡ്വർക്സിൽനിന്നുള്ള ഇടതുകര, വലതുകര കനാലുകളിലൂടെ തൃശൂർ-എറണാകുളം ജില്ലകളിലെ വിവിധ പ്രദേശങ്ങളിലേക്കുള്ള കാർഷിക പദ്ധതികളേയും അണക്കെട്ടു വന്നാൽ ദോഷകരമായി ബാധിക്കും.

കെ.എസ്.ഇ.ബി.യുടെ അതിരപ്പിള്ളി പദ്ധതിയ്ക്കുവേണ്ട ന്യായവാദങ്ങളൊന്നും വസ്തുതകളുമായി ബന്ധമില്ലെന്ന് മുമ്പ് നടത്തിയ രണ്ട് പൊതു തെളിവെടുപ്പിലും അനേക പഠനങ്ങളിലും ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. നദീതട-ജലവൈദ്യുത പദ്ധതികൾക്കായുള്ള പ്രൊഫ. പി.ജി. ശാസ്ത്രി കമ്മിറ്റി അശാസ്ത്രീയവും അവാസ്തവവുമായ ശുപാർശകൾ സമർപ്പിച്ചതിനാലാണ് കേന്ദ്ര സർക്കാർ ഇപ്പോൾ അനുമതി നല്കിയത്. മുമ്പ് രണ്ട് പ്രാവശ്യം ഹൈക്കോടതി ഇടപെട്ട് പദ്ധതി തടഞ്ഞിരുന്നു.

ജനഹിതം നടപ്പാക്കാനായി പ്രതീക്ഷയോടെ ജനങ്ങൾ ഉറ്റുനോക്കുന്ന ഒരു ജനപക്ഷ സർക്കാരാണ് ഇപ്പോൾ കേരളം ഭരിക്കുന്ന



ത്?! അനേക ജനകീയ സമരങ്ങളുടെ തുടർച്ച അവകാശപ്പെടുന്ന അച്യുതാനന്ദൻ സർക്കാരിന് അതിരപ്പിള്ളിയുടെ കാര്യത്തിൽ അഭിമാനിക്കാനാവുമോ? വൈദ്യുതിയല്ല, അഴിമതിയും സാമാന്യ ജനങ്ങൾക്ക് അനീതിയും ഉല്പാദിപ്പിക്കുന്ന അതിരപ്പിള്ളി പദ്ധതി പിൻവലിച്ച് സർക്കാർ ജനവികാരം മാനിക്കണം.

ജീവനിലും ഭാവിയിലും താല്പര്യമുള്ളവരുടെ കൂട്ടായ്മ പദ്ധതിക്കെതിരെ. ദയവായി ബന്ധപ്പെടുക.

രവി 9249898773, ലത/ഉണ്ണികൃഷ്ണൻ 0487 6524110
മോഹൻദാസ് 9895977769 സുന്ദർരാജൻ 9895116715